**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1080** **31-01-2024 - ൽ മറുപടിയ്ക്ക്**

**പെരുവണ്ണാമൂഴിയിൽ പ്രഖ്യാപിച്ച കുപ്പിവെള്ള പ്ലാന്റിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴിയിൽ പ്രഖ്യാപിച്ച കുപ്പിവെള്ള പ്ലാന്റിന്റെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പെരുവണ്ണാമൂഴിയിൽ പുതുതായി ഒരു കുപ്പിവെള്ള പ്ലാന്റ് നിർമ്മിക്കുവാൻ 17 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്ക് ജലസേചന വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിലുള്ള 3.55 ഏക്കർ സ്ഥലം കെ. ഐ. ഐ.ഡി.സി.യ്ക്ക് (KIIDC) വിട്ടുനൽകുന്നതിനു അനുമതി നൽകുകയും, പ്രസ്തുത സ്ഥലം കെ. ഐ.ഐ.ഡി.സി. നിർണ്ണയിക്കുകയും ചെയ്തതിട്ടുണ്ട്. പ്ലാൻറ്, മെഷിനറി, കെട്ടിടം എന്നിവയും ജി.എസ്.ടി.യും ഉൾപ്പെടെ 22.00 കോടി രൂപ പദ്ധതി ചെലവ് വരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് കെ. ഐ. ഐ. ഡി. സി. (KIIDC) സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചു വരുന്നു. |
| (ബി) | എത്ര കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ? | (ബി) | പെരുവണ്ണാമൂഴിയിൽ പുതുതായി ഒരു കുപ്പിവെള്ള പ്ലാന്റ് നിർമ്മിക്കുവാൻ 17 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്ക് ജലസേചന വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിലുള്ള 3.55 ഏക്കർ സ്ഥലം കെ. ഐ. ഐ.ഡി.സി.യ്ക്ക് (KIIDC) വിട്ടുനൽകുന്നതിനു അനുമതി നൽകുകയും, പ്രസ്തുത സ്ഥലം കെ. ഐ.ഐ.ഡി.സി. നിർണ്ണയിക്കുകയും ചെയ്തതിട്ടുണ്ട്. പ്ലാൻറ്, മെഷിനറി, കെട്ടിടം എന്നിവയും ജി.എസ്.ടി.യും ഉൾപ്പെടെ 22.00 കോടി രൂപ പദ്ധതി ചെലവ് വരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് കെ. ഐ. ഐ. ഡി. സി. (KIIDC) സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ